ശ്രീ. കെ. ഭാർഗ്ഗവൻ : സ്ഥിരമായി ജപ്പാനീസ് കൾട്ടിവേഷൻ നടക്കുന്നതു് എത്ര ഏക്കർ ഉണ്ടു് ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഇപ്പോൾ അറിഞ്ഞുകൂടാ.

ശ്രീ. പി. ടി. ചാക്കോ : ജാപ്പനീസ് മെത്തേഡ് അനുസരിച്ചു് ഒരേക്കറിനു് എത്ര പറ നെല്ലു് വിളയുന്നുണ്ടെന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു് പൊതുവേ പറയാൻ വിഷമമുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഏകദേശം എത്രപറ വിളയുമെന്നു് പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഏകദേശം ഡിപ്പാർട്ടുമെൻറു് കണക്കനുസരിച്ചു് സാധാരണ കൃഷിയേക്കാളും ഒരേക്കറിൽനിന്നും 30 ശതമാനം കൂടുതൽ ഉണ്ടാകുന്നുണ്ടെന്നാണു് അറിയാൻ കഴിഞ്ഞിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ : ജപ്പാനീസ് മെത്തേഡ് അനുസരിച്ചു് നാലു ലക്ഷത്തി എൺപത്തീരായിരത്തിൽ ചിലപ്രദേശം ഏക്കറിൽ കൃഷിനടത്തിയിട്ടു് കഴിഞ്ഞ ആണ്ടിൽ എത്ര പറ നെല്ലു് കൂടുതൽ കിട്ടി എന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇൻക്രീസ്ഡ് പ്രൊഡക്ഷനുണ്ടായിട്ടുണ്ടെന്നല്ലാതെ അതിൻെറ കണക്കു് കൈവശമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇൻക്രീസ്ഡ് പ്രൊഡക്ഷനുവേണ്ടി ഇൻക്രീസ്ഡ് ഫക്ടു് പെൻഡിച്ചർ ഉണ്ടായിട്ടില്ലേ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ പ്രത്യേകം കണക്കില്ല. ശരാശരി ഒരേക്കറിനു് 35 രൂപ കൂടുതൽ ചെലവാകുമെന്നു് അറിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഇതു് ഏതുകൊല്ലത്തെ കണക്കനുസരിച്ചാണു് പറയുന്നതെന്നു് പറയാമോ ? ഇതിനു മുൻപു് ഏക്കറേജു് കണക്കാക്കിയതിൽ ചില തെറ്റുകളുണ്ടെന്നു പറഞ്ഞു.

ശ്രീ. സി. അച്യുതമേനോൻ : കഴിഞ്ഞ സീസണിലാണെന്നു് ഞാൻ പറഞ്ഞു.

ശ്രീ. കെ. എം. ജാഫർ : ഇതു് തിരുത്തിയ റിപ്പോർട്ടു് അനുസരിച്ചാണോ ഇപ്പോൾ പറഞ്ഞതു് ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഒരു റിപ്പോർട്ടിൽ തെറ്റുണ്ടെന്നു പറഞ്ഞതു് ജാപ്പനീസ് മെത്തേഡിൽ കൃഷി നടത്തുന്നതിൻെറ കൂടെ ഇൻറൻസീവു് കൾട്ടിവേഷൻ ഏരിയാ കൂടി ഉൾപ്പെടുത്തി എന്നുള്ളതാണു്. അല്ലാതെ തെറ്റൊന്നുമുണ്ടായതല്ല. ജാപ്പനീസ് മെത്തേഡിൻെറ കൂട്ടത്തിൽ ഇരുപ്പുവിൻെറ കണക്കുകൂടി കൂട്ടിയിരുന്നു. ഇതു് ലാസ്റ്റ് സീസണിലെ കണക്കാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

തേയിലത്തോട്ടം തൊഴിലാളികളുടെ പണിമുടക്കു്.

* 1409. [38] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) മൂന്നാർ തേയിലത്തോട്ടം തൊഴിലാളികൾ ഇക്കഴിഞ്ഞ പണിമുടക്കുമൂലം നേടിയെടുത്ത പ്രത്യേകാനുകൂല്യങ്ങൾ എന്തെല്ലാം ;

(ബി) പണിമുടക്കുമൂലം തൊഴിലാളികൾക്കു് അതുകൊണ്ടു നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ എത്ര ; കൂലിയും മറ്റാനുകൂല്യങ്ങളും ഇനത്തിൽ, ഈ ദിവസങ്ങളിൽ തൊഴിലാളികൾക്കു് മൊത്തം എന്തു തുകയ്ക്കുള്ളവയായിരുന്നു എന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) നേടിയെടുത്ത പ്രത്യേകാനുകൂല്യങ്ങളും എന്തൊക്കെയാണെന്നും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന അനുരഞ്ജന പ്രവർത്തനങ്ങളുടെ ശേഷമേ തീർച്ചപ്പെടുത്താനൊക്കുകയുള്ളു.

(ബി) പൂർണ്ണമായ വിവരങ്ങൾ തൽക്കാലം ലഭ്യമല്ല.

ശ്രീ. സി. എ. മാത്യു : എന്തെല്ലാം അനുകൂല്യങ്ങളെപ്പറ്റിയാണു് അനുരഞ്ജനബോർഡു് മുമ്പാകെ ഉന്നയിച്ചിട്ടുള്ളതു് ?

ശ്രീ. ടി. വി. തോമസ്സ് : ബോണസ്സു്.

ശ്രീ. സി. എ. മാത്യു : പണിമുടക്കുകാലത്തെ വേതനത്തെ സംബന്ധിച്ചു് അനുരഞ്ജനബോർഡിൽ പരിഗണിക്കുന്നതാണോ ?

ശ്രീ. ടി. വി. തോമസ്സ് : ബോണസ്സിന്റെ പ്രശ്നം തീർന്നാൽ മറ്റു കാര്യങ്ങളും തീരുമാനിക്കപ്പെടും.

ശ്രീ. സി. എ. മാത്യു : പണിമുടക്കുകാലത്തെ വേതനത്തെ സംബന്ധിച്ചിടത്തോളം അനുരഞ്ജനബോർഡു് മുമ്പാകെ ഉന്നയിച്ചിട്ടില്ല എന്നുള്ളതു് ശരിയാണോ ?

ശ്രീ. ടി. വി. തോമസ്സ് : ബോണസ്സിന്റെ പ്രശ്നം തീരുമ്പോൾ മറ്റു പ്രശ്നങ്ങളും തീരുമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. സി. എ. മാത്യു : ഈ ബോർഡു് ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്സ് : ഉണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഇതിലെ അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. ടി. വി. തോമസ് : അതിലെ അംഗങ്ങൾ:—

ശ്രീ. ബി. കെ. നായർ
ശ്രീ. പി. ബാലചന്ദ്രമേനോൻ
ശ്രീ. ജെ. ബി. സൂട്ടർ
ശ്രീ. ഒ. സി. മാത്യു
ശ്രീ. ടി. കെ. ജോസഫു്. (ജസ്റ്റി)

ശ്രീ. പി. ടി. ചാക്കോ: അദ്ദേഹം ഈ രാജ്യത്തുണ്ടോ?

ശ്രീ. ടി. വി. തോമസ് : ഈ രാജ്യത്തുണ്ടെന്നാണെന്റെ അറിവു്.

ശ്രീ. എം. നാരായണക്കുറുപ്പു് : അഡ്ജൂഡിക്കേഷനു വച്ചാൽ കാലതാമസം ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ടാണു് അനുരഞ്ജന ബോർഡു് മുമ്പാകെ വച്ചിട്ടുള്ളതു് ഇന്നു പറഞ്ഞു. അതിപ്പോൾ ശരിയാണെന്നു ഗവണ്മെന്റിനു ബോധമുണ്ടോ?

ശ്രീ. ടി. വി. തോമസ്സ് : ശരിയാണെന്നാണു് ഗവണ്മെന്റിന്റെ ബോധം. മേയു് 21-ാംതീയതിയാണു് ബോർഡു് സംഘടിപ്പിച്ചതു്. അഡ്ജൂഡിക്കേഷനു് വിടുകയാണെങ്കിൽ ഇനിയും ഒരു ആറുവർഷം എങ്കിലും വേണ്ടിവരുമെന്നാണു് ഗവണ്മെന്റു വിചാരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ശ്രീ. ടി. കെ. ജോസഫു്, ജസ്റ്റീസു് ജപ്പാനിൽ പോയിരിക്കുകയാണെന്നു് പത്രത്തിൽ കണ്ടു. അതിനുപകരം വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്സ് : ജസ്റ്റീസു് ടി. കെ. ജോസഫു് ജപ്പാനിലും പോയിട്ടുണ്ടു് ചൈനായിലും പോയിട്ടുണ്ടു്. എന്നാൽ ഇന്നുപോലും ബോർഡു് കൂടിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly